# ക്ഷീരവികസന വകുപ്പ്

## സിറ്റിസൺസ് ചാർട്ടർ

### ഡയറക്ടറേറ്റ്

**(എ) ഞങ്ങളുടെ ദൗത്യം**

1. സംസ്ഥാനത്തെ ക്ഷീരവികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
2. ക്ഷീരമേഖലയുടെ പുരോഗതിയ്ക്കായി വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക
3. പാലിന്റെ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ ശക്തമാക്കുക.
4. നൂതന പരിപാടികളിലൂടെ പച്ചപ്പുല്ല് ഉല്പാദനം വർദ്ധിപ്പിക്കുക.
5. ക്ഷീരസഹകരണ സംഘങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുക ആധുനികവൽക്കരണം നടപ്പിലാക്കുക.
6. "മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്റ്റ്സ് ഓർഡർ 1992" നടപ്പിലാക്കുക.

**(ബി) ഞങ്ങളുടെ കടമ**

1. ഞങ്ങളുടെ ദൗത്യം സുതാര്യവും നീതിപൂർവ്വകവും കാര്യക്ഷമവുമായി നിറവേറ്റുക.
2. പൊതുജനങ്ങളുടെ അവകാശങ്ങൾ മാനിക്കുകയും അവരോട് വിനയത്തോടെ പെരുമാറുകയും ചെയ്യുക.
3. ഈ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസിനെയൊ ഉദ്യോഗസ്ഥൻമാരെയോ സംബന്ധിച്ച പരാതിയിന്മേൽ ഒരു മാസത്തിനകം അന്വേഷണം നടത്തി മറുപടി നൽകുക. സമയപരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാകാത്തപക്ഷം വിവരം കാര്യകാരണ സഹിതം പരാതിക്കാരനെ അറിയിക്കുക.
4. പ്രാഥമിക ക്ഷീരസഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകളിന്മേൽ ഇരുപതു ദിവസത്തിനകം നടപടി പൂർത്തിയാക്കുക.
5. പ്രാഥമിക ക്ഷീരസംഘം രജിസ്ട്രേഷൻ ഉൾപ്പെടെ ഈ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പരിപാടികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുന്ന പക്ഷം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

**ഞങ്ങളുടെ മേൽവിലാസം**

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
പട്ടം, തിരുവനന്തപുരം–4, പിൻ: 695 004
ഫോൺ: 2445749 (ഡയറക്ടർ), 2445799, 2440853 (ഓഫീസ്).

# ക്ഷീരവികസന വകുപ്പ്

## സിറ്റിസൺസ് ചാർട്ടർ

### ജില്ലാ ആഫീസ്

**(എ) ഞങ്ങളുടെ ദൗത്യം**

1. ക്ഷീരവികസന മേഖലയിൽ സംസ്ഥാന/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക..
2. പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കുക
3. ക്ഷീരസഹകരണ ശൃംഖല ശക്തവും വ്യാപകവും ആധുനികവും ആക്കുക.

**(ബി) ഞങ്ങളുടെ കടമ**

1. വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുക.
2. പൊതുജനങ്ങളുടെ അവകാശങ്ങൾ മാനിക്കുകയും അവരോട് വിനയത്തോടെ പെരുമാറുകയും ചെയ്യുക.
3. ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസിനെയോ ഉദ്യോഗസ്ഥന്മാരെയോ സംബന്ധിച്ച പരാതികളിൽ ഒരു മാസത്തിനകം അന്വേഷണം പൂർത്തിയാക്കി മറുപടി നൽകുക. സമയപരിധിയ്ക്കുള്ളിൽ അന്വേഷണം പൂർത്തിയാകാത്ത പക്ഷം വിവരം കാര്യകാരണ സഹിതം പരാതിക്കാരനെ അറിയിക്കുക.
4. പ്രാഥമിക ക്ഷീരസഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകളിൽ മേൽ നടപടികൾ സ്വീകരിച്ച് രജിസ്ട്രേഷനായി ഡയറക്ടറേറ്റിലേയ്ക്ക് രണ്ടുമാസത്തിനകം അയയ്ക്കുക.
5. പ്രാഥമിക ക്ഷീരസംഘം രജിസ്ട്രേഷൻ ഉൾപ്പെടെ ഈ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പരിപാടികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

*ജില്ലാ ആഫീസുകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലുമാണ് പ്രവർത്തിക്കുന്നത്.*

# ക്ഷീരവികസന വകുപ്പ്

## സിറ്റിസൺസ് ചാർട്ടർ

### ക്ഷീരപരിശീലന കേന്ദ്രം

**(എ) ഞങ്ങളുടെ ദൗത്യം**

1. കാലിവളർത്തൽ പ്രോൽസാഹിപ്പിച്ച് ശാസ്ത്രീയമായി ക്ഷീര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുക.
2. ശുദ്ധമായ പാൽ ഉൽപ്പാദനം ലക്ഷ്യമാക്കി ശാസ്ത്രീയ അവബോധം കർഷകരിൽ വളർത്തുക.
3. പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കാൻ ഉതകുന്ന വിവിധ ക്ഷീരോൽപ്പന്നങ്ങളുടെ നിർമ്മാണ-വിപണന തന്ത്രങ്ങൾ ഫലപ്രദമായി കർഷകരിലും മറ്റ് തൽപരരായവരിലും എത്തിക്കുക.
4. ക്ഷീരോല്പാദന രംഗത്ത് സ്വയംതൊഴിൽ കണ്ടെത്തുവാൻ സഹായിക്കുക

**(ബി) ഞങ്ങളുടെ കടമ**

1. ക്ഷീരവികസന പരിശീലന പരിപാടികളെക്കുറിച്ച് പൊതുജനങ്ങൾക്ക് യഥാസമയം വിവരം നൽകുക.
2. ആത്മാർത്ഥതയോടെ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് അവ ഫലപ്രദമാക്കുക.

*ക്ഷീരപരിശീലന കേന്ദ്രങ്ങൾ ആലത്തൂർ (പാലക്കാട്), നടുവട്ടം (കോഴിക്കോട്), ഈരയിൽക്കടവ് (കോട്ടയം), ഓച്ചിറ (കൊല്ലം), പട്ടം (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു.*

# ക്ഷീരവികസന വകുപ്പ്

## സിറ്റിസൺസ് ചാർട്ടർ

### ഗുണനിയന്ത്രണ ഓഫീസ്

**(എ) ഞങ്ങളുടെ ദൗത്യം**

1. പാലിന്റെയും പാൽ ഉൽപ്പണങ്ങളുടെയും ഗുണനിലവാരം സംബന്ധിച്ച് ഉൽപ്പാദകരേയും ഉപഭോക്താക്കളെയും ബോധവൽക്കരിക്കുക.
2. പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും ഗുണമേന്മ വർദ്ധിപ്പിക്കാൻ പാൽ ഉല്പാദകർക്കും പ്രാഥമിക സംഘം ഭാരവാഹികൾക്കും ആവശ്യമായ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

**(ബി) ഞങ്ങളുടെ കടമ**

1. പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും ഗുണനിയന്ത്രണ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുക.
2. പൊതുജനങ്ങളെ മാനിക്കുകയും അവരോട് വിനയപൂർവ്വം പെരുമാറുകയും ചെയ്യുക.
3. പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും ഗുണനിയന്ത്രണം സംബന്ധിച്ച പരാതികളിന്മേൽ ഇരുപത് ദിവസത്തിനകം അന്വേഷണം നടത്തി മറുപടി നൽകുക.

*ഗുണനിയന്ത്രണ ഓഫീസ് എല്ലാ ജില്ലയിലും ജില്ലാ ആസ്ഥാനത്ത് ജില്ലാ ഓഫീസിനോടൊപ്പം പ്രവർത്തിക്കുന്നു. .*

# ക്ഷീരവികസന വകുപ്പ്

## സിറ്റിസൺസ് ചാർട്ടർ

### സ്വീവേജ് ഫാം

**(എ) ഞങ്ങളുടെ ദൗത്യം**

1. ക്ഷീരകർഷകർക്ക് ക്ഷീരോൽപ്പാദനം ലാഭകരമാക്കാൻ ഗുണമേന്മ കൂടിയ പച്ചപ്പുല്ല് മിതമായ വിലയ്ക്ക് ലഭ്യമാക്കുക.
2. കർഷകർക്ക് മികച്ച എനം പുൽനടീൽ വസ്തുക്കൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുക.
3. ഫാമിൽ ലഭ്യമാകുന്ന മലിനജലം പ്രകൃത്യാലുള്ള മാർഗ്ഗങ്ങളാൽ ശുദ്ധീകരിച്ച് കിട്ടുന്ന വളം പ്രയോജനപ്രദമായി പച്ചപ്പുല്ല് കൃഷിയ്ക്ക് ഉപയുക്തമാക്കുക.
4. ക്ഷീരകർഷകർക്ക് പുൽകൃഷി പഠന കേന്ദ്രമായി പ്രവർത്തിക്കുക.

**(ബി) ഞങ്ങളുടെ കടമ**

1. ഞങ്ങളുടെ ദൗത്യം സുതാര്യവും നീതിപൂർവ്വവും കാര്യക്ഷമവുമായി നിറവേറ്റുക.
2. പൊതുജനങ്ങളുടെ അവകാശങ്ങൾ മാനിക്കുകയും അവരോട് വിനയത്തോടെ പെരുമാറുകയും ചെയ്യുക.

**ഞങ്ങളുടെ മേൽവിലാസം**

ഫാം സൂപ്രണ്ട്
സ്വീവേജ് ഫാം
ക്ഷീരവികസന വകുപ്പ്
വലിയതുറ
തിരുവനന്തപുരം
ഫോൺ നമ്പർ 2501706

# ക്ഷീരവികസന വകുപ്പ്

## സിറ്റിസൺസ് ചാർട്ടർ

### ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്

**(എ) ഞങ്ങളുടെ ദൗത്യം**

1. ബ്ളോക്ക് പഞ്ചായത്ത് പരിധിയിൽ സംസ്ഥാന/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുന്ന ക്ഷീരവികസന പരിപാടികൾ നടപ്പിലാക്കുക.
2. പ്രാഥമിക കഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കുക.
3. ക്ഷീരസഹകരണ ശൃംഖല ശക്തവും വ്യാപകവുമാക്കുക

**(ബി) ഞങ്ങളുടെ കടമ**

1. ബ്ളോക്ക് പഞ്ചായത്തിൽ നടപ്പിലാക്കുന്ന ക്ഷീരവികസന പദ്ധതികളിൽ സുതാര്യതയും, കാര്യക്ഷമതയും ഉറപ്പാക്കുക.
2. പൊതുജനങ്ങളുടെ അവകാശങ്ങൾ മാനിക്കുകയും അവരോട് വിനയത്തോടെ പെരുമാറുകയും ചെയ്യുക.
3. പ്രാഥമിക ക്ഷീരസംഘത്തിനെയോ അതിന്റെ ഉദ്യോഗസ്ഥന്മാരെയോ സംബന്ധിച്ച പരാതികളിൽ ഒരു മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി മറുപടി നൽകുക. സമയപരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാകാത്തപക്ഷം വിവരം കാര്യകാരണസഹിതം പരാതിക്കാരനെ അറിയിക്കുക.
4. പ്രാഥമിക ക്ഷീരസംഘം രജിസ്ട്രേഷൻ ഉൾപ്പെടെ ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന ക്ഷീരവികസന പരിപാടികളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്ന പക്ഷം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

*ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ് എല്ലാ ബ്ളോക്ക് പഞ്ചായത്തിലും പ്രവർത്തിക്കുന്നു. .*